## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 968 — 08.01.2014 -ൽ മറുപടിയ്ക്ക്

### എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനത്തിന്റെ പ്രായപരിധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്.രാജേന്ദ്രൻ | ശ്രീ.ഷിബു ബേബി ജോൺ<br>(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനത്തിന് നിലവിലുള്ള പ്രായപരിധി എത്രയെന്ന് വ്യക്തമാക്കുമോ ; | (എ) യും (ബി) യും (സി) യും | ഓപ്പൺ വിഭാഗത്തിനുള്ള ഒഴിവുകളിൽ സംവരണ വിഭാഗക്കാരുടേയും, സംവരണേതര വിഭാഗക്കാരുടേയും ഉയർന്ന പ്രായപരിധി 41 വയസ്സും, ഒ.ബി.സി വിഭാഗത്തിലെ ഉദ്യോഗാർത്ഥികളുടെ പ്രായപരിധി 44 വയസ്സും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഉയർന്ന പ്രായപരിധി 46 വയസ്സും ആക്കി നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവിന് 21.10.2013 മുതൽ മുൻകാലപ്രാബല്യം ഉണ്ട് .എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 01.01.2014 -ൽ നിലവിൽ വരുന്ന 2014-2016 കാലയളവിലേയ്ക്കുള്ള സീനിയോറിറ്റി ലിസ്റ്റ് ടി ഉയർന്ന പ്രായപരിധി അടിസ്ഥാനമാക്കിയാണ് തയ്യാറാക്കിയിട്ടുള്ളത്. |
| (ബി) | പ്രായപരിധി ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ആയതിന് എന്നു മുതലാണ് പ്രാബല്യം നൽകാൻ ഉദ്ദേശിക്കുന്നത് ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ; | | |
| (സി) | ഇതിന് മുൻകാല പ്രാബല്യം ഉണ്ടായിരിക്കുമോ; എങ്കിൽ എപ്പോൾ മുതൽ എന്നും അവരെ സീനിയോറിറ്റി ലിസ്റ്റിൽ വീണ്ടും ഉൾപ്പെടുത്തുമോ എന്നും വിശദമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ